**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4483** **06-03-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം ഇതുവരെയായി എത്ര വൈദ്യുതി ഉൽപാദിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 'സൗര' ഒന്നാം ഘട്ട പദ്ധതി വഴി 26 സൗര നിലയങ്ങളും (220 kwp), 'സൗര' രണ്ടാം ഘട്ട സബ്സിഡി പദ്ധതി വഴി 32 സൗര നിലയങ്ങളും (108 kwp) അനെർട്ട് മുഖേന 2 കിലോവാട്ട് ശേഷിയുള്ള പവർ പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്. ഈ നിലയങ്ങളിൽ നിന്നും 03.03.2023വരെ 3,73,040 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ മണ്ഡലത്തിലെ എത്ര ഗുണഭോക്താക്കളുണ്ടെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയിൽ മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് 58 ഉം അനെർട്ടിന് ഒന്നും ഗുണഭോക്താക്കളാണുള്ളത്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ അറിയിക്കാമോ? | (സി) | പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പാക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:-<br><br>നിലവിൽ നടപ്പിലാക്കി വരുന്ന പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണ് സബ്സിഡി നൽകുന്നത്. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. 3 കിലോവാട്ട് വരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയുടെ 40 ശതമാനവും 3 കിലോവാട്ടിന് മുകളിൽ 10 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനം നിരക്കിലുമാണ് കേന്ദ്ര സർക്കാർ സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്.<br><br>അനെർട്ട് മുഖേന പ്ലാന്റ് സ്ഥാപിക്കുന്നതിന് '**ബൈ മൈ സൺ**' എന്ന ഓൺലൈൻ പോർട്ടൽ മുഖേന ഉപഭോക്താക്കൾ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കെ.എസ്.ഇ.ബി.എൽ. എം-പാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് പ്ലാൻറ് സ്ഥാപിക്കുന്നത്. അപേക്ഷകർ തെരഞ്ഞെടുക്കുന്ന ഡെവലപ്പർമാർ സ്ഥലം സന്ദർശിച്ച് ഫീസിബിലിറ്റി പരിശോധന നടത്തുകയും തുടർന്ന് പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഒരു കിലോവാട്ട് സോളാർ പാനൽ സ്ഥാപിക്കുന്നതിന് നിഴൽ പതിക്കാത്തതും തടസമില്ലാതെ സൂര്യപ്രകാരം ലഭിക്കുന്നതുമായ 100 ചതുരശ്ര അടി സ്ഥലം ആവശ്യമാണ്. സബ്സിഡി കഴിഞ്ഞുള്ള തുകയാണ് ഉപഭോക്താക്കൾ പ്ലാന്റ് സ്ഥാപിക്കുന്ന കമ്പനികൾക്ക് നൽകേണ്ടത്. പ്ലാന്റ് നിർമ്മാണം പൂർത്തിയായതിന് ശേഷം സബ്സിഡി തുക കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിൽ നിന്നു ലഭിക്കുമ്പോൾ അത് പ്ലാന്റ് സ്ഥാപിച്ച കമ്പനികൾക്കാണ് നൽകുന്നത്.<br><br>കെ.എസ്.ഇ. ബി.എൽ-ൽ ഉപഭോക്താവ് 1000/- + GST അപേക്ഷാ ഫീസ് അടച്ചാണ് അപേക്ഷിക്കേണ്ടത്. Technical feasibility ലഭിച്ചതിനുശേഷം സൗരനിലയം സ്ഥാപിക്ക ന്നതിന് വേണ്ടി രജിസ്ട്രേഷൻ ഫീസ് `1000/- + GST/KW അടക്കേണ്ടതാണ്. നിലയ നിർമ്മാണം വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് രജിസ്ട്രേഷൻ ഫിസിന്റെ 80% തിരിച്ച് ഉപഭോക്താവിന് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ